# കർക്കടക ഔഷധസേവാദിനവും കൊടുവേലിയും

Mathrubhumi 01-08-18, P-06

ഡോ. ജലജ എസ്. മേനോൻ

ഗ്രാമവാസികളുടെ പൊതുവിലുള്ള ആരോഗ്യസുരക്ഷയ്ക്കായി പ്രത്യേകമായി തയ്യാറാക്കുന്ന ഔഷധംനിവേദ്യമാക്കി വിതരണം ചെയ്യുന്ന 'കർക്കടക ഔഷധ സേവാദിനം' ഇന്നും കേരളത്തിൽ പലയിടങ്ങളിലും നടക്കുന്നുണ്ട്. ഇതിലെ പ്രധാന കൂട്ട് ചെത്തിക്കൊടുവേലി തന്നെയാണ്. ചെത്തിക്കൊടുവേലി, വെള്ളക്കൊടുവേലി, നീലക്കൊടുവേലി എന്നിങ്ങനെ മൂന്നുതരം കൊടുവേലികളുണ്ട്.

ചുണ്ണാമ്പു വെള്ളത്തിലിട്ട് ശുദ്ധീകരിച്ച വേരുകളാണ് ഔഷധനിർമാണത്തിന് ചേരുവയാകുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ ഉണക്കിയ വേരും ഇതിനു സമാനമായി കണക്കാക്കുന്നു. കൊടുവേലിയിൽ അടങ്ങിയ നാഫ്തോക്വിനോൺ പോലുള്ള രാസഘടകങ്ങളിൽ അനുകൂലമാറ്റം വരുത്താൻ ഈ ശുദ്ധീകരണ പ്രക്രിയകൾ സഹായകമാകുന്നു. ചിത്രക എന്നു പറയപ്പെടുന്ന കൊടുവേലിക്ക് ചിത്തത്തെ പോലും ശക്തിപ്പെടുത്താനുള്ള ത്രാണി ഉണ്ടെന്നാണ് വിശ്വാസം. ദഹനസംബന്ധിയായ അസുഖങ്ങൾ, വാതരോഗം, പാണ്ട്, ശ്വാസകോശ രോഗങ്ങൾ എന്നിവയുടെ ശമനത്തിനായുള്ള ഔഷധയോഗങ്ങളിൽ ചെത്തിക്കൊടുവേലി കൂട്ടുമരുന്നാകാറുണ്ട്. പ്രസിദ്ധങ്ങളായ ദശമൂലാരിഷ്ടം, ചിത്രകാസവം, അഗ്നി തുണ്ഡിവടി തുടങ്ങിയ ഔഷധ യോഗങ്ങളിലെല്ലാം തന്നെ കൊടുവേലിക്കിഴങ്ങ് ചേരുവയാണ്.



കർക്കടകമാസത്തിലെ ഔഷധസേവയ്ക്കുള്ള ഔഷധക്കൂട്ടിൽ നിർമാണ ഭേദങ്ങൾ കാണാമെങ്കിലും പ്രധാനം ചെത്തിക്കൊടുവേലി തന്നെയാണ്. ഒട്ടുമിക്ക ആയുർവേദയോഗങ്ങളിലും കൊടുവേലിക്കിഴങ്ങ് അധികം ശുദ്ധിചെയ്യാതെ അഗ്നിഭാവത്തോടെത്തന്നെ നെയ്യിൽ ചാലിച്ച് നൽകുകയാണ് പതിവ്. ഗർഭിണികളും ശിശുക്കളും ഇത് സേവിക്കരുത് എന്ന നിർദേശവും ഉണ്ട്. വളരെ ചെറിയ അളവിൽ കടുംവീര്യത്തിൽ സേവിക്കുന്ന ഈ സിദ്ധൗഷധം ശരീരത്തിലെ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നു. വരും നാളുകളിലേക്കുള്ള മാനസികവും ശാരീരികവുമായ ആരോഗ്യം പ്രദാനം ചെയ്യുന്നു. ഒരു വ്യക്തിയല്ല, സമൂഹം ഒത്തൊരുമിച്ച് പങ്കാളിയാകുന്ന ഈ ഔഷധസേവ ഗ്രാമനന്മയുടെ അഭേദ്യമായ വിളംബരമാണ്.

വർഷകാലത്ത് വേരുപിടിപ്പിച്ച തണ്ടുകൾ നട്ടുപിടിപ്പിച്ചാൽ കാലാകാലം നിലനിൽക്കുന്ന ഒരു സസ്യമാണ് കൊടുവേലി. മഞ്ഞുപെയ്യുന്ന വൃശ്ചികം-ധനു മാസങ്ങളിലാണ് ചെത്തിക്കൊടുവേലി പുഷ്പിണിയാകുന്നത്. ധനുമാസത്തിലെ തിരുവാതിരയ്ക്ക് പാതിരാപ്പൂ ചൂടുന്നതിനായി സുമംഗലികൾ ഈ രക്തവർണ പുഷ്പങ്ങൾ ഉപയോഗിക്കുന്നു. പൊള്ളലുണ്ടാക്കുന്ന ഇവയുടെ വേരുകൾ തുരപ്പനെ തുരത്താൻ യോജിച്ചതാണ്. അതുകൊണ്ടു തന്നെ കപ്പത്തോട്ടത്തിന്റെ അരികിൽ കൊടുവേലി നട്ടുവളർത്തുന്ന ശീലം കർഷകർക്കിടയിൽ നിലനിൽക്കുന്നുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിൽ ഒന്നര വർഷം പാകമായ വേരുകൾ വിളവെടുക്കുന്നതാണ് ലാഭകരം. കേരള കാർഷിക സർവകലാശാല അഗ്നി, മൃദുല, സ്വാതി എന്നീ മൂന്ന് കൊടുവേലി ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഒരു ഹെക്ടറിൽനിന്നും 15 മുതൽ 20 ടൺ ഉത്പാദനം പ്രതീക്ഷിക്കാം. ഒരു കിലോവേരിന് 100 മുതൽ 150 രൂപ വില ഇന്ന് വിപണിയിൽ ഉണ്ട്.

(കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)